എമ്മാവൂസ്
# വചനദൂത്
കൈത്താക്കാലം നാലാം ഞായർ മർക്കോ 7:1-13
Vol.10/ Issue - 10 / 13 Aug 2017



## നിയമങ്ങൾ മനുഷ്യനന്മയ്ക്ക്



ബ്ര. സൂരജ് കടവിൽ

നവസന്യാസ പരിശീലനകാലത്ത് മാസ്റ്ററച്ചനും സുപ്പീരിയറച്ചനും ഇല്ലാതിരുന്ന ഒരു ദിവസം ഉച്ചയ്ക്ക് ഞങ്ങൾ കൊന്ത ചൊല്ലുന്ന സമയത്ത് ആരോ കോളിംഗ് ബെൽ അടിച്ചു. ആരാണ് വന്നത് എന്നറിയുവാനുള്ള ആകാംഷയിൽ ഞങ്ങളുടെ ലീഡർ പള്ളിയിൽ നിന്ന് താഴേക്ക് നോക്കിയപ്പോൾ, ഉപയോഗിച്ച സങ്കിഞ്ഞ് വാങ്ങി അലക്കുവാനായി വന്ന സിസ്റ്റേഴ്സാണെന്നു മനസ്സിലായി. പക്ഷേ പ്രാർത്ഥനയിൽ ഉണ്ടാകാവുന്ന പലവിചാരവും ഇടയ്ക്കുവച്ച് ഇറങ്ങി പോകുന്ന മടിയെയും കുറിച്ച് ഓർത്തപ്പോൾ ഞങ്ങളാരും ഇറങ്ങിച്ചെന്നില്ല. ഏകദേശം അരമണിക്കൂറോളം ഞങ്ങൾ വരുമെന്ന് പ്രതീക്ഷിച്ച് അവർ കാത്തുനിന്നു. അവസാനം നിന്ന് മടുത്തപ്പോൾ അവർ അവിടെ നിന്നും പോയി. പോകുന്ന വഴിക്ക് ഞങ്ങളുടെ സുപ്പീരിയറച്ചനെ അവർ കണ്ടുമുട്ടാനിടയായി. പിറ്റേ ദിവസം കുർബാന മദ്ധ്യേ വചന സന്ദേശം നൽകിയപ്പോൾ അച്ചൻ ഞങ്ങളോട് ഇപ്രകാരം പറഞ്ഞു. “മക്കളേ നൊവിഷ്യേറ്റിയെ നിയമങ്ങളുടെ മറവിൽ നിങ്ങൾ ദൈവിക കല്പനകളെ വെടിയുകയാണെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ ഈ നവസന്യാസ കാലഘട്ടം കേവലം വെറും ആചാരം മാത്രമായിരിക്കും. മറ്റുള്ളവരോട് കാരുണ്യവും സ്നേഹവും കാണിക്കാതെ നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും അത് അധരത്തിന്റെ വ്യായാമം മാത്രമേ ആകൂ.”

കൈത്താക്കാലത്തിലെ 4-ാം ഞായറാഴ്ചയായ ഇന്ന് തിരുവചനഭാഗത്ത് യഹൂദ നിയമത്തിലെ ദുരാചാരങ്ങൾക്ക് നേരെ വിരൽ ചൂണ്ടുന്ന ഈശോയെയാണ് നാം കാണുക. മാനുഷിക പാരമ്പര്യങ്ങൾ ദൈവീക കല്പനയെ വിഴുങ്ങികളയുന്നുവെന്നും അനുഷ്ഠാന ശുദ്ധിയെക്കുറിച്ചുള്ള യഹൂദരുടെ നിരവധിയായ നിയമങ്ങൾ അർത്ഥശൂന്യമാണെന്നും മനുഷ്യൻ കഴിക്കുന്ന ഭക്ഷണമല്ല മറിച്ച് അവന്റെ ഉള്ളിൽ നിന്നു പുറപ്പെടുന്ന

തിന്മയാണ് അവനെ മലിനമാക്കുന്നതെന്നും ഈശോ വളരെ ശക്തമായി പ്രസ്താവിക്കുകയാണ്.

ഈ തിരുവചനഭാഗത്ത് രണ്ട് പ്രധാന ആശയങ്ങളാണ് സുവിശേഷകൻ അവതരിപ്പിക്കുക. ഒന്നാമതായി കൈകഴുകാതെ ഭക്ഷണം കഴിക്കുന്നതിനെപ്പറ്റിയാണ്. ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈകഴുകി ശുദ്ധിവരുത്തുന്നതിനെപ്പറ്റിയല്ല ഇവിടെ പ്രതിപാദിക്കുക. മറിച്ച് അനുഷ്ഠാന ശുദ്ധിയെപ്പറ്റിയാണ്. തങ്ങൾ സ്വന്തമായി രൂപപ്പെടുത്തിയെടുത്ത നിയമാനുഷ്ഠാനങ്ങളെ ആധാരമാക്കിയാണ് ഫരിസേയർ ഈശോയെയും ശിഷ്യന്മാരെയും വിമർശിക്കുന്നത്. എന്നാൽ ഈശോ അവരുടെ അർത്ഥശൂന്യമായ ആചാരങ്ങളെ വമർശിക്കുകയും ദൈവിക നിയമങ്ങളെ പ്രധാനപ്പെട്ടതായി കരുതണമെന്ന് അവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ശിഷ്യന്മാർ കൈകഴുകാതെ ഭക്ഷിക്കുന്നത് മാരക പാപമായി യഹൂദർ നോക്കി കാണുന്നു. യഹൂദരുടെ ഈ മനോഭാവത്തെ കാപട്യം എന്നാണ് ഈശോ വിശേഷിപ്പിക്കുക. നിയമജ്ഞരുടെയും ഫരിസേയരുടെയും ഹൃദയത്തിലെ ചിന്തയും നാവുകൊണ്ടുള്ള സംസാരവും അവരുടെ പ്രവർത്തികളും തമ്മിലുള്ള അന്തരത്തെ തിരിച്ചറിയുന്ന ഈശോ, 'കപടനാട്യക്കാരെ' എന്ന് വിളിച്ചാണ് അവരെ അഭിസംബോധന ചെയ്യുക.

ഇന്ന് ഞാനും നിങ്ങളും ആയിരിക്കുന്ന സമൂഹത്തിലും പല കപടനാട്യക്കാരും ഉണ്ട് എന്നത് നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്. തിരുനാളുകളിൽ വി. കുർബാനയും മറ്റ് ഭക്താഭ്യാസങ്ങളും ഉപേക്ഷിച്ച് കേവലം ബാഹ്യമായ ആഘോഷങ്ങൾക്ക് ചുക്കാൻ പിടിക്കുവാനും തിരുനാളുകളുടെ മറവിൽ മദ്യത്തിനും, മദിരോത്സവത്തിനും വെടിക്കെട്ടുകൾക്കും പ്രാധാന്യം കൊടുക്കുന്നവരും കൺമുന്നിൽ തന്റെ അയൽക്കാരൻ ഒരു നേരത്തെ ഭക്ഷണം കിട്ടാതെ വിഷമിക്കുമ്പോൾ ഞാനും എന്റെ കുടുംബവും സുഭിക്ഷമായി ഭക്ഷിക്കുന്നതും ക്രിസ്ത്യാനി എന്ന പേരു വഹിക്കുന്നതുകൊണ്ട് ഞായറാഴ്ച കടം തീർക്കുവാനായി വെറും ഒരു കാഴ്ചക്കാരനെപ്പോലെ യാതൊരു താത്പര്യവുമില്ലാതെ കർത്താവിന്റെ ബലിയിൽ പങ്കുകൊള്ളുമ്പോഴും തിരിച്ചറിയുക ഞാൻ കപടനാട്യക്കാരനായി മാറുകയും അഭിനയിക്കുകയുമാണ്. ഇങ്ങനെയുള്ളവരെപ്പറ്റിയാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകം 29:13-ാം വാക്യത്തിലൂടെ ദൈവം പറയുന്നത്.

"ഈ ജനം വാക്കുകൊണ്ടു മാത്രം എന്നെ സമീപിക്കുകയും അധരം കൊണ്ട് മാത്രം എന്നെ ആരാധിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്ന് അകന്നിരിക്കുന്നു." നന്മയുടെയും തിന്മയുടെയും ഉറവിടം ഒരുവന്റെ ഹൃദയം തന്നെയാണ്. പുറമെ നിന്നല്ല പ്രത്യുത ഒരുവന്റെ ഉള്ളിൽ തന്നെയാണ് നന്മയും തിന്മയും രൂപപ്പെടുക. ദൈവസന്നിധിയിൽ ബാഹ്യമായ അനുഷ്ഠാനമല്ല മറിച്ച് ഹൃദയത്തിന്റെ നൈർമല്യമാണ് പ്രീതികരമായിട്ടുള്ളത്. അതിനാലാണ് ജോയേൽ പ്രവാചകന്റെ പുസ്തകം 2:13-ൽ ഇപ്രകാരം പറയുക "നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്." കർത്താവിന്റെ ബലിപീഠത്തിനു ചുറ്റും കൂടുന്നവരാണ് ഓരോ ക്രിസ്ത്യാനിയും. നമ്മുടെ ഒന്നിച്ചുള്ള വി. കുർബാനയർപ്പണവും സന്ധ്യാപ്രാർത്ഥനയും വാർഡുപ്രാർത്ഥനയും തിരുനാളുകളുമെല്ലാം കർത്താവിന്റെ സന്നിധിയിലുള്ള ഒത്തുചേരലുകളാണ്. എന്നാൽ ഇന്ന് പലപ്പോഴും നമ്മുടെ ഒത്തുചേരലുകളിൽ ഈശോയുടെ ശിഷ്യരെ വിമർശിച്ച ഫരിസേയരെയും നിയമജ്ഞരെപ്പോലെ നമ്മുടെ ഇടയിലുള്ള സാധാരണക്കാരെ കൊള്ളരുതാത്തവരായി ചിത്രീകരിക്കുവാനും അവരെ വിധിക്കുവാനും അവരുടെ വീഴ്ചകളെ വാട്സാപ്പിലൂടെയും ഫെയ്സ് ബുക്കിലൂടെയും പരസ്യമാക്കിയുള്ള ഒരു വിനോദത്തിന്റെ വേദിയായി അധഃപതിക്കുന്നുണ്ട് എന്നത് ഏറെ വേദനാജനകമായ ഒരു കാര്യമാണ്. ആരെയും വിമർശിക്കാനും താറടിച്ച് കാണിക്കുവാനും നമുക്ക് മടിയില്ല. മാർപാപ്പ മുതൽ നമ്മുടെ മുന്നിൽ കുറ്റവും കുറവും ഇല്ലാത്തവരായി ആരുമില്ല. എന്നാൽ പ്രിയമുള്ളവരേ നാം ഇപ്രകാരം

ചെയ്യുമ്പോൾ തിരിച്ചറിയണം. നേരെ ചൊവ്വേ കുളിക്കാത്ത നാം കൈകഴുകാത്ത സന്ദേശത്തെ മാത്രമാണ് വിമർശിക്കുന്നത്. നമ്മുടെ കുർബാന ക്രമത്തിൽ പരിശുദ്ധ മദ്ബാഹയിൽ പ്രവേശിക്കുന്നതിന് മുമ്പ് കാർമ്മികൻ ചൊല്ലുന്ന ഒരു ഹൃദയസ്പർശിയായ പ്രാർത്ഥന ഉണ്ട്; "കർത്താവായ ദൈവമേ കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തെയും വെട്ടിലാക്കപ്പെട്ട മനസാക്ഷിയോടുകൂടെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ എന്നെ അനുവദിക്കണമേയെന്ന്. ഈ പ്രാർത്ഥന വ്യക്തമാക്കുന്നത് കർത്താവിന്റെ സന്നിധിയിൽ ഒരുമിച്ച് കൂടുന്ന നമ്മൾ എത്രമാത്രം ഹൃദയ നൈർമല്യമുള്ളവരായിരിക്കണമെന്നതാണ്.

ഈശോ ഒരിക്കലും വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും എതിരല്ല. വിശ്വാസ ജീവിതത്തിൽ പതിവുകളും പാരമ്പര്യങ്ങളും നമുക്ക് ആവശ്യമാണ്. കുമ്പസാരിച്ച് ശീലമുണ്ടെങ്കിലേ കുമ്പസാരിക്കുകയും അതിലൂടെ കിട്ടുന്ന ദൈവകാരുണ്യം അനുഭവിക്കുകയും ചെയ്യൂ. അതുപോലെ ഉപവസിച്ച് ശീലിച്ചവനേ ഉപവസിക്കുവാൻ തോന്നൂ. ഞായറാഴ്ച ഒരുക്കത്തോടെ ബലിയർപ്പിച്ച് ദൈവാനുഗ്രഹത്തോടെ ജീവിക്കുന്നവനു മാത്രമേ ഞായറാഴ്ച പള്ളിയിൽ പോകുവാനും തോന്നുകയുള്ളൂ. എന്നാൽ ഈ ശീലങ്ങൾ വെറും തഴക്കങ്ങളായി മാറിയാൽ ഇവ അപകടകാരികളായിത്തീരുകയും ദൈവമനുഷ്യബന്ധത്തിന് പ്രതിബന്ധം സൃഷ്ടിക്കുകയും ചെയ്യും.

ഈ തിരുവചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്ന രണ്ടാമത്തെ പ്രധാന കാര്യമാണ് കൊർബാൻ- നേർച്ചയെപ്പറ്റി. ഹിബ്രു ഭാഷയിൽ കൊർബാൻ എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന് സമർപ്പിക്കപ്പെട്ടത് എന്നാണ്. മാതാപിതാക്കളെ സംരക്ഷിക്കുവാനുള്ള സ്വത്തിനെ കൊർബാൻ എന്ന് ശപഥം ചെയ്താൽ ആ സ്വത്ത് ദൈവത്തിന് സമർപ്പിക്കപ്പെട്ടതാകയാൽ മാതാപിതാക്കളെ സംരക്ഷിക്കുവാനായി ഉപയോഗിക്കാൻ പാടില്ല എന്ന് യഹൂദ നേതാക്കന്മാർ പഠിപ്പിച്ചിരുന്നു. എന്നാൽ ഇത് മാതാപിതാക്കളെ ബഹുമാനിക്കണം എന്ന ദൈവകല്പനയുടെ ലംഘനമാണ്. ദൈവ കല്പനകളെ ലംഘിക്കുന്ന ഒരു ശപഥത്തിനും ആധികാരികതയില്ല എന്ന് ഈശോ ഈ തിരുവചന ഭാഗത്തിലൂടെ ഓർമ്മിപ്പിക്കുന്നു.

സ്വന്തം ജീവിതസുഖങ്ങൾക്കും അധികാരത്തിനും പ്രശംസയ്ക്കും വേണ്ടി ദൈവിക കല്പനയെ വളച്ചൊടിക്കുന്ന ഒരു സമൂഹമായിരുന്നു നിയമജ്ഞരുടെയും ഫരിസേയരുടേതും. എന്നാൽ ദൈവത്തോട് അടുത്ത് നിൽക്കുന്നു എന്ന് പറയുന്നവർ ദൈവിക നിയമങ്ങൾ ലംഘിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുന്നത് കാപട്യമാണെന്ന് ഈശോ അവരെ ഓർമ്മപ്പെടുത്തുന്നു.

ദൈവവചനത്തെയും ദൈവിക നിയമങ്ങളെയും നിരർത്ഥമാക്കുന്ന ശൈലികളും രീതികളും ഉപേക്ഷിച്ചേ മതിയാകൂ. അതെല്ലാം നമ്മുടെ അനുദിന ജീവിതത്തിൽ ദൈവസ്നേഹത്തിനും കാരുണ്യത്തിനും മാനുഷിക മൂല്യങ്ങൾക്കുമെതിരായി നാം നേരുന്ന നേർച്ചകൾ ദൈവസന്നിധിയിൽ സ്വീകാര്യമാകില്ല എന്ന് തിരിച്ചറിയണം. വീട്ടിൽ സുഖമില്ലാതെ കിടക്കുന്ന അപ്പനെയും അമ്മയെയും ശുശ്രൂഷിക്കാതെയും പരിചരിക്കാതെയും എത്ര ത്യാഗപ്രവർത്തി ചെയ്താലും തീർത്ഥാനട കേന്ദ്രങ്ങളിൽ മാറിമാറി പോയാലും തിരുനാളുകൾ എത്ര നടത്തിയാലും അത് എന്റെ ജീവിതത്തിൽ എന്നെ ദൈവത്തോടു ചേർത്തു നിർത്തില്ല. ഏശയ്യാ പ്രവാചകന്റെ പുസ്തകം 1:12-ൽ വാക്യത്തിൽ ഇപ്രകാരം പറയുന്നു, "എന്റെ സന്നിധിയിൽ വരാൻ ആരു നിന്നോട് പറഞ്ഞു. വ്യർത്ഥമായ കാഴ്ചകൾ ഇനിമേലിൽ അർപ്പിക്കരുത്." അതുകൊണ്ട് ദുഷ്ടതയുടെയും സ്വാർത്ഥതയുടെയും കാപട്യതയുടെയും ഉറവകൾ നമ്മുടെ ജീവിതത്തിൽ ഒഴുകിയിറങ്ങുന്നുണ്ടെങ്കിൽ ആ ഒഴുക്കിനെ നമുക്ക് തടയാം. ◆